LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയ്ക്കുള്ള വൈദ്യുത താരിഫ് പുനർനിർണ്ണയിച്ച് ലഭിക്കുന്നതിനായി ഒരു നിവേദനം, ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 4-6-2012-ൽ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നടത്തിയ പബ്ലിക് അദാലത്തിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) മലിനജല നിർമ്മാർജ്ജന പദ്ധതികൾക്കുള്ള വൈദ്യുതി സൗജന്യമായി ലഭ്യമാക്കുവാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനോട് അപേക്ഷിക്കുന്നതാണ്.

**സൗജന്യമായി ജലം നൽകുന്നതുമൂലമുള്ള ബാദ്ധ്യത**

189 (2477) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര ബി.പി.എൽ. കുടുംബങ്ങൾക്കാണ് സൗജന്യമായി ജലം വിതരണം ചെയ്യുന്നതെന്നറിയിക്കുമോ ;

(ബി) പ്രസ്തുതയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് എത്ര രൂപയുടെ സാമ്പത്തിക ബാദ്ധ്യതയാണ് ഉണ്ടാകുന്നതെന്നറിയിക്കുമോ ;

(സി) ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ശുദ്ധജലം നൽകുന്നതുമൂലമുള്ള ബാദ്ധ്യത ഒഴിവാക്കുവാൻ സർക്കാർ സാമ്പത്തികസഹായം ലഭ്യമാക്കുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ ?

**ഉത്തരം**

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ 32,382 ബി.പി.എൽ. കുടുംബങ്ങൾക്കാണ് സൗജന്യമായി ജലം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

(ബി) പ്രസ്തുതയിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് പ്രതിവർഷ സാമ്പത്തിക ബാദ്ധ്യത പരമാവധി 155.43 ലക്ഷം രൂപ വരെയാകാമെന്ന് കണക്കാക്കുന്നു.

(സി) പ്രത്യേക സാമ്പത്തിക സഹായം ഒന്നുംതന്നെ നൽകുന്നില്ല.

**ജലസ്രോതസ്സുകൾ പുനഃരുദ്ധരിക്കുന്നതിന് നടപടി**

190 (2478) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ എന്തെല്ലാം നടപടികളാണ് വരൾച്ച നേരിടുന്നതിനായി കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നാശോന്മുഖമായ ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) മഴക്കുറവുമൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് കുടിവെള്ളവും കൃഷി നിലനിറുത്തുന്നതിനുള്ള ജലവും വരുംമാസങ്ങളിൽ പരമാവധി ലഭ്യമാക്കുന്നതിലേയ്ക്കായി മണൽചാക്കിട്ട് വെള്ളം ഒഴുകി പോകാതെ താല്ക്കാലിക തടയണ കെട്ടുന്നതിന് ജലഅതോറിറ്റിക്ക് 57 കോടി രൂപയും ജലസേചന വകുപ്പിന് 22 കോടി രൂപയും ഭൂഗർഭ ജലവകുപ്പിന് നിർദ്ദേശിച്ച കുഴൽ കിണർ കുഴിക്കുന്നതിന് ആവശ്യമായ 13 കോടി രൂപ ഉൾപ്പെടെ മൊത്തം 92 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി 0/2/13-ലെ സർക്കാർ ഉത്തരവ് (ആർ റ്റി.) 93/13/ജവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

കൂടാതെ മഴക്കുറവ് മൂലം കേരളം നേരിടുന്ന അതിരൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ആസ്ബെസ്റ്റോസ്, പൈപ്പുകൾ എന്നിവ പൊട്ടിയത് മൂലം അവശ്യം വേണ്ടുന്ന അറ്റക്കുറ്റപണികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയും ആവശ്യമായ ഭരണാനുമതി കേരള വാട്ടർ അതോറിറ്റിക്ക് നൽകി 2-2-2013-ലെ സർക്കാർ ഉത്തരവ് (ആർ റ്റി.) നമ്പർ 94/2013/ജവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) "R R R of Ponds" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ള പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുഴൽക്കിണർ നിർമ്മാണത്തിനാവശ്യമായ ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി

191 (2479) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിലേക്കായി കുഴൽക്കിണറുകൾ നിർമ്മിച്ചുനൽകുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) കുഴൽക്കിണർ നിർമ്മാണത്തിന് ആവശ്യമായ വിവിധതരം റിഗ്ഗുകളുടെ അപര്യാപ്തത പ്രസ്തുത കിണറുകളുടെ നിർമ്മാണത്തിന് തടസ്സമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ആധുനിക റിഗ്ഗുകൾ വാങ്ങാൻ നടപടി സ്വീകരിക്കുമോ ?